**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1353</u>** **<u>03-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>ചക്കരപ്പറമ്പ് ജംഗ്ഷൻ മുതൽ കാളച്ചാൽ വഴി കാക്കനാട് ഇൻഫോപാർക്ക് വരെ പുതിയ പാത</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം വൈറ്റില പാലാരിവട്ടം ഭാഗത്തുനിന്ന് ചക്കരപ്പറമ്പ് ജംഗ്ഷൻ മുതൽ കാളച്ചാൽ വഴി കാക്കനാട് ഇൻഫോപാർക്ക് വരെ ഒരു പുതിയ പാത നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നതു ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | **എറണാകുളം വൈറ്റില പാലാരിവട്ടം ഭാഗത്തുനിന്ന് ചക്കരപ്പറമ്പ് ജംഗ്ഷൻ മുതൽ കാളച്ചാൽ വഴി കാക്കനാട് ഇൻഫോ പാർക്ക് വരെ ഒരു പുതിയ പാത നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ പ്രാഥമിക പഠനങ്ങളും Alignment drawings-DPR-2 തയ്യാറാക്കിയിട്ടുള്ളത് KSCC മുഖേന ആയതിനാലും ടി റോഡിന്റെ തുടർച്ചയായി വരുന്ന കാക്കനാട് തങ്കളം ബൈപ്പാസിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത് കിഫ്ബി ആയതിനാലും ടി പ്രോജക്ടിന്റെ സാധ്യതാ പഠനം KSCC/KRFB മുഖേന തയ്യാറാക്കുന്നതായിരിക്കും ഉചിതം എന്ന് ദേശീയപാത വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ചു വരുന്നു.** |
| (ബി) | ഇല്ലെങ്കിൽ, മേൽ പ്രവൃത്തിയുടെ പ്രാഥമിക പഠനങ്ങളും അലൈൻമെന്റും തയ്യാറാക്കിയിട്ടുള്ളത് കെ. എസ്. സി. സി. മുഖേനയായതിനാലും കാക്കനാട് തങ്കളം ബൈപ്പാസിന്റെ പ്രവൃത്തികൾ കിഫ്ബി വഴി ചെയ്യുന്നതിനാലും പ്രസ്തുത റോഡ് കാക്കനാട് തങ്കളം ബൈപ്പാസിന്റെ തുടർച്ചയായി വരുന്നതിനാലും പ്രോജക്ടിന്റെ സാധ്യത പഠനം കെ. ആർ. എഫ്. ബി./ കെ. എസ്. സി. സി. മുഖേന തയ്യാറാക്കുന്നതിനു നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ ? | (ബി) | **തങ്കളം - കാക്കനാട് നാലുവരിപാതയിൽ കോതമംഗലം ബൈപ്പാസ് മുതൽ വീട്ടൂർ വരെയുള്ള അലൈൻമെന്റ് കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. കിഴക്കമ്പലം മുതൽ കാക്കനാട് വരെയുള്ള ഭാഗത്തെ അലൈൻമെന്റിന്റെ അന്തിമ തീരുമാനം കിഫ്ബിയിൽ നിന്നും ലഭിക്കേണ്ടതുണ്ട്. ടി അലൈൻമെന്റ് ലഭിച്ചാൽ മാത്രമേ ചക്കരപ്പറമ്പ് മുതൽ ഇൻഫോപാർക്ക് വരെയുള്ള പാതയുമായിട്ടുള്ള കണക്റ്റിവിറ്റി സംബന്ധിച്ച് വ്യക്തത ലഭിക്കുകയുള്ളൂ.** |

സെക്ഷൻ ഓഫീസർ